# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 165 26.02.2018-ലെ മറുപടിക്ക്

**വിസിൽ ബ്ലോവർ സമിതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സണ്ണി ജോസഫ്**<br>**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ.വി.ഡി.സതീശൻ**<br>**ശ്രീ.വി.പി.സജീന്ദ്രൻ** | **പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |

| | | | |
|---|---|---|---|
| (എ) | അഴിമതി നിർമ്മാർജ്ജനത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 6.9.2011 ൽ രൂപീകരിച്ച വിസിൽ ബ്ലോവർ സമിതിയുടെ ശുപാർശകൾ എന്തൊക്കെയായിരുന്നു; ആയത് വിശദമാക്കാമോ; | (എ) | 1. സർക്കാർ സംസ്ഥാനത്ത് ഒരു വിസിൽ ബ്ലോവർ നയം രൂപീകരിച്ച് പ്രഖ്യാപിക്കേണ്ടതും ആയതിന് വ്യാപക പ്രചരണം നൽകേണ്ടതുമാണ്<br>2. വിസിൽ ബ്ലോവർമാരുടെ ഐഡന്റിറ്റി സംരക്ഷിക്കപ്പെടേണ്ടതും അവരുടെ ഐഡന്റിറ്റി വെളിപ്പെടുത്തുന്നവർക്കെതിരെ കർശന ശിക്ഷാ നടപടി സ്വീകരിക്കേണ്ടതുമാണ്.<br>3. വിസിൽ ബ്ലോവറിന് സുരക്ഷിതമായി വിവരങ്ങൾ നൽകുന്നതിന് സംസ്ഥാനത്ത് രണ്ട് അധികാര കേന്ദ്രങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. സർക്കാർ വകുപ്പുകളെ സംബന്ധിക്കുന്ന പരാതികൾക്ക് വിജിലൻസ് സെക്രട്ടറിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന പരാതികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാനും ആയിരിക്കണം പ്രസ്തുത അധികാര കേന്ദ്രങ്ങൾ. |

| | | | |
|---|---|---|---|
| | | | 4. വിജിലൻസ് വകുപ്പ് സെക്രട്ടറി, ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, ഒരു ചാർട്ടേഡ് അക്കൗണ്ടന്റ് എന്നിവർ അടങ്ങുന്ന ഒരു കമ്മിറ്റിയുടെ, ശിപാർശകളുടെ അടിസ്ഥാനത്തിൽ വിസിൽ ബ്ലോവേഴ്സിന് പാരിതോഷികം നൽകുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കുന്നതാണ്. |
| (ബി) | മന്ത്രിമാർക്ക് പെരുമാറ്റച്ചട്ടം ഉണ്ടാക്കണമെന്ന് പ്രസ്തുത സമിതി നിർദ്ദേശിച്ചിരുന്നെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ? | (ബി) | വിസിൽ ബ്ലോവർ പോളിസി സംസ്ഥാനത്ത് രൂപീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പെരുമാറ്റച്ചട്ടം നിലവിൽ വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ